بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khutba Khulasa 19.06.2020 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

***യു.കെ ഇസ്‌ലാമാബാദിലെ മുബാറക്ക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്ത്ബയുടെ സംഗ്രഹം***

## നബി(സ)തിരുമേനിയുടെ ഔന്നത്യപദവിയിലുള്ള ബദരീ സ്വഹാബിയായ ഹദ്റത്ത് അബ്ദുറഹ്മാനുബ്നു ഔഫ്(റ)ന്റെ സ്തുത്യർഹമായ ഗുണവിശേഷങ്ങളുടെ വിശ്വാസദീപ്തമായ വിവരണങ്ങൾ.

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَ اَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ ـ اَمَّا بَعْدُ

فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ـ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ـ

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۙ الرَّحْمٰنِ الرَّحِيْمِ ۙ مٰلِكِ يَوْمِ الدِّيْنِ ؕ اِيَّاكَ نَعْبُدُ وَ اِيَّاكَ نَسْتَعِيْنُ ؕ

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۙ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ؕ

തശഹ്ഹുദും തഅവ്വുദും സൂറഃഫാത്തിഹയും ഓതിയതിനു ശേഷം ഹുസൂർ പറഞ്ഞു;

കഴിഞ്ഞ ഖുത്ബയിൽ ഞാൻ ഹദ്റത്ത് അബ്ദുറഹ്മാനുബ്നു ഔഫ്(റ)നെക്കുറിച്ച് വിവരിച്ചു കൊണ്ടിരിക്കുകയായിരുന്നു. തുടർന്നുള്ള ഭാഗം ഇന്ന് വിവരിക്കുന്നതാണ്.

ഹദ്റത്ത് അബ്ദുറഹ്മാനുബ്നു ഔഫ്, ഉഹദ് യുദ്ധത്തിലും പങ്കെടുത്തിരുന്നു. ഉഹദു യുദ്ധത്തിൽ ജനങ്ങളുടെ കാലിടറിയപ്പോൾ ഹദ്റത്ത് അബ്ദുറഹ്മാനുബ്നു ഔഫ് നബി(സ)തിരുമേനിയുടെ കൂടെ ശക്തനായി നിലകൊണ്ടു. ഉഹദുയുദ്ധത്തിൽ ഹദ്റത്ത് അബ്ദുറഹ്മാനുബ്നു ഔഫ്(റ)ന് ഇരുപത്തിയൊന്നു മുറിവുകളേറ്റു. കാലിൽ ഒരു മുറിവേറ്റ കാരണത്താൽ അദ്ദേഹം മുടന്തിയാണ് നടന്നിരുന്നത്. മുൻവശത്തെ രണ്ടു പല്ലുകളും ശഹീദായി.

ഹദ്റത്ത് ഇബ്നു ഉമർ(റ) വിവരിക്കുന്നു; ശഅ്ബാൻ 6 ഹിജ്റിയിൽ നബി(സ)തിരുമേനി ഹദ്റത്ത് അബ്ദുറഹ്മാനുബ്നു ഔഫ്(റ)ന്റെ നേതൃത്വത്തിൽ 700 ആളുകളെ ദൗമത്തുൽ ജന്ദലിലേക്കയച്ചു. നബി(സ)തിരുമേനി തിരുകരങ്ങൾക്കൊണ്ട് കറുപ്പ് നിറത്തിലുള്ള ഒരു തലപ്പാവ് അദ്ദേഹത്തിന്റെ തലയിലണിയിച്ചു. അതിന്റെ അറ്റം രണ്ടു തോളുകൾക്കിടയിലുമായി തൂക്കിയിട്ടു.

ഹദ്റത്ത് അബ്ദുറഹ്മാനുബ്നു ഔഫ്(റ) ദൗമയിൽ എത്തിയപ്പോൾ മൂന്നു ദിവസത്തോളം അവരെ ഇസ്‌ലാമിലേക്കു ക്ഷണിച്ചുകൊണ്ടിരുന്നു. മൂന്നുദിവസവും അവർ നിഷേധിച്ചു കൊണ്ടേയിരുന്നു. ഒടുവിൽ അസ്ബഗ്ബിൻ അംറ് കൽബി എന്ന കൃസ്ത്യാനിയായ അവരുടെ നേതാവ് ഇസ്‌ലാം സ്വീകരിച്ചു. ഹദ്റത്ത് അബ്ദുറഹ്മാനുബ്നു ഔഫ് ഈ അവസ്ഥയെക്കുറിച്ച് നബി(സ)തിരുമേനിക്കെഴുതി. നബിതിരുമേനി പറഞ്ഞു; ആ നേതാവിന്റെ മകളായ തുമാദിറിനെ വിവാഹം കഴിക്കുക. ഹദ്റത്ത് അബദുറഹ് മാനുബ്നു ഔഫ്(റ) അവരെ വിവാഹം കഴിച്ചു മദീനിയിലേക്ക് കൂട്ടിക്കൊണ്ടുവന്നു. തുമാദിർ പിന്നീട് ഉമ്മെ അബീ സലമാ എന്നറിയപ്പെട്ടു.

നബി(സ)തിരുമേനി തന്റെ പുറകിൽ നിന്നു നമസ്കരിച്ചു എന്ന സൗഭാഗ്യവും അദ്ദേഹത്തിനുണ്ടായി. നമസ്കാരത്തിനു ശേഷം നബി(സ) തിരുമേനി പറഞ്ഞു; എല്ലാ നബിമാരും അവരുടെ സമുദായത്തിലെ ഏതെങ്കിലും സാത്വികനായ അനുയായിയുടെ പുറകിൽ നമസ്കരിച്ചിട്ടുണ്ട്. നബി(സ)തിരുമേനി ഹദ്റത്ത് അബ്ദുറഹ്മാനുബ്നു ഔഫ്(റ)നു നൽകിയ മറ്റൊരു ബഹുമതിയായിരുന്നു അത്. ഒരു നിവേദനത്തിൽ വരുന്നു; ഹദ്റത്ത് അബദുറഹ്മാനുബ്നു ഔഫ്(റ) ളുഹർ നമസ്കാരത്തിനു മുൻപ് ദീർഘമായ നഫൽ നമസ്കരിക്കുമായിരുന്നു. ബാങ്കുവിളി കേൾക്കുമ്പോൾ ഉടൻ നമസ്കാരത്തിനായി എത്തുമായിരുന്നു. മറ്റൊരു നിവേദകൻ വിവരിക്കുന്നു; അബ്ദുറഹ്മാൻ കഅ്ബ പ്രദക്ഷിണം വയ്ക്കുന്നതു ഞാൻ കണ്ടു. അദ്ദേഹം ഇപ്രകാരം ദുആ ചെയ്യുന്നുണ്ടായിരുന്നു; അല്ലാഹുവേ നീയെന്നെ മനസ്സിന്റെ ലുബ്ധിൽ നിന്നും രക്ഷിക്കേണമേ.

ഹദ്റത്ത് അബ്ദുല്ലാഹിബ്നു ഉമർ നിവേദനം ചെയ്യുന്നു; ഹദ്റത്ത് ഉമർ(റ) ഖലീഫയായ വർഷം ഹദ്റത്ത് അബ്ദുറഹ്മാനുബ്നു ഔഫിനെ ഹജ്ജ് ചെയ്യുന്നവരുടെ അമീർ ആയി നിയമിക്കുകയുണ്ടായി. ഒരിക്കൽ ഹദ്റത്ത് അബ്ദുറഹ്മാനുബ്നു ഔഫ്(റ) പേൻ ശല്യത്തെക്കുറിച്ച് നബി(സ)തിരുമേനിയോട് പറഞ്ഞപ്പോൾ നബിതിരുമേനി അദ്ദേഹത്തിന് പട്ടുവസ്ത്രം ധരിക്കാൻ അനുവാദം നൽകി.

സഅദുബ്നു ഇബ്റാഹീം നിവേദനം ചെയ്യുന്നു; ഹദ്റത്ത് അബ്ദുറഹ്മാനുബ്നു ഔഫ്, നാനൂറോ അഞ്ഞൂറോ ദിർഹം വിലയുള്ള ഒരു മേലങ്കി അണിയുമായിരുന്നു. അതായത്, ഹിജ്റത്ത് ചെയ്യുമ്പോൾ കയ്യിൽ ഒന്നും തന്നെയുണ്ടായിരുന്നില്ല എന്നാൽ പിന്നീട് വിലകൂടിയ വസ്ത്രങ്ങൾ ധരിക്കുവാനുള്ള അവസരം ലഭിക്കുകയും അളവറ്റ സ്വത്ത് അല്ലാഹു അദ്ദേഹത്തിനു നല്കുകയും ചെയ്തു. ഹദ്റത്ത് അബൂബക്കർ(റ) മരണാസന്നനായി രോഗഗ്രസ്തനായപ്പോൾ ഹദ്റത്ത് ഉമർ(റ)നെ തനിക്കുശേഷം ഖലീഫയായി നിർദ്ദേശിച്ചു. അതിനായി ഹദ്റത്ത് അബ്ദുറഹ്മാനുബ്നു ഔഫിനെ വിളിച്ച് അഭിപ്രായം ആരായുകയുണ്ടായി.

മക്കാവിജയത്തിനു ശേഷം നബി(സ)തിരുമേനി വിവിധ

ഭാഗങ്ങളിലേക്കായി സംഘങ്ങളെ അയച്ചപ്പോൾ ഹദ്റത്ത് ഖാലിദിബ്നു വലീദിനെ ബനൂ ജസീമയിലേക്ക് അയക്കുകയുണ്ടായി. ബനൂ ജസീമ ജാഹിലിയാ കാലത്ത് ഹദ്റത്ത് അബ്ദുറഹ്മാനുബ്നു ഔഫ്(റ)ന്റെ പിതാവായ ഔഫിനെയും ഹദ്റത്ത് ഖാലിദിന്റെ പിതൃസഹോദരനായ ഫാഖിഹിബ്നു മുഗീറയെയും വധിച്ചിരുന്നു. ഹദ്റത്ത് ഖാലിദിന്റെ കരങ്ങളാൽ അബദ്ധത്തിൽ ആ ഗോത്രത്തിലെ ഒരാൾ കൊല്ലപ്പെട്ടു. ഹദ്റത്ത് അബ്ദുറഹ് മാനുബ്നു ഈ സംഭവത്തെക്കുറിച്ച് വിവരം ലഭിച്ചപ്പോൾ ഖാലിദിനോട് പറഞ്ഞു; നിങ്ങൾ അയാളെ വധിച്ചത് അവർ നിങ്ങളുടെ പിതൃസഹോദരന്റെ ഘാതകരായതുകൊണ്ടാണോ? ഖാലിദ് പരുഷമായ ശബ്ദത്തോടെ പറഞ്ഞു; അവർ താങ്കളുടെ പിതാവിനെയും വധിച്ചിരുന്നു. താങ്കൾ എനിക്കു മുൻപെ വിശ്വാസിയായി എന്നത് വലിയ ബഹുമതി ആയി കണക്കാക്കുന്നുണ്ടോ? ഇക്കാര്യം നബി(സ) തിരുമേനി അറിഞ്ഞപ്പോൾ അവിടന്ന് പറഞ്ഞു; എന്റെ അനുചരന്മാരെ വിട്ടുകളയുക. ആരുടെ കൈകളിലാണോ എന്റെ ജിവനിരിക്കുന്നത് അവനെക്കൊണ്ട് സത്യം നിങ്ങളിലാരെങ്കിലും ഉഹദുമലയോളം സ്വർണ്ണം ദാനം ചെയ്താലും അദ്ദേഹം നിസ്സാരമായി ചിലവഴിക്കുന്നതിന്റെ അത്രപോലും വരികയില്ല. നബി(സ)തിരുമേനി ഹദ്റത്ത് അബ്ദുറഹ്മാനുബ്നു ഔഫിനെ സംബന്ധിച്ചു പറഞ്ഞു; അദ്ദേഹം മുസ്ലിംകളുടെ നേതാക്കളുടെയും തലവനാകുന്നു. അബ്ദുറഹ്മാൻ ഭൂമിയിലും വാനലോകത്തും വിശ്വസ്തനാകുന്നു.

ഒരിക്കൽ ഹദ്റത്ത് അബ്ദുറഹ്മാനുബ്നു ഔഫ് കഠിനമായി രോഗിയായി. അബോധാവസ്ഥയിലായി. അദ്ദേഹത്തിന്റെ ഭാര്യ നിലവിളിക്കാൻ തുടങ്ങി. പിന്നീട് അദ്ദേഹത്തിന് ശമനമുണ്ടായപ്പോൾ അദ്ദേഹം പറഞ്ഞു; ഞാൻ അബോധാവസ്ഥയിലായപ്പോൾ എന്റെ അടുക്കൽ രണ്ടു വ്യക്തികൾ വന്നു. അവർ പറഞ്ഞു; നടക്കൂ പ്രതാപവാനും വിശ്വസ്തനുമായ അല്ലാഹുവിന്റെ മുൻപിൽ നിന്റ വിധി നിർണ്ണയം നടത്താം. അപ്പോൾ അവർ രണ്ടു പേരും മറ്റൊരു വ്യക്തിയെ കണ്ടു ആ വ്യക്തി അവരോടു പറഞ്ഞു; അദ്ദേഹത്തെ കൊണ്ടുപോകരുത്. അദ്ദേഹം തന്റെ മാതാവിന്റെ ഉദരത്തിലായിരുന്നപ്പോൾ തന്നെ സൗഭാഗ്യവാനാണ്.

ഹദ്റത്ത് അബ്ദുറഹ്മാനുബ്നു ഔഫ്, നബി(സ)തിരുമേനി സ്വർഗ്ഗത്തെക്കുറിച്ച് സുവാർത്ത നൽകിയ അശ്റാ മുബശ്ശറയിൽ ഉൾപെട്ടിരിന്നു. സ്വർഗ്ഗത്തെക്കുറിച്ചുള്ള സുവാർത്ത നൽകപ്പെട്ടിട്ടും ദൈവഭയം അവർക്ക് എത്രമാത്രം ഉണ്ടായിരുന്നുവെന്നാൽ സദാസമയം അതിനെക്കുറിച്ചുള്ള ചിന്തയിലായിരുന്നു. ദാനധർമ്മങ്ങൾ ധാരാളം നൽകിയിരുന്നു.

ഹദ്റത്ത് അബ്ദുല്ലാഹിബ്നു അബ്ബാസ്(റ) വിവരിക്കുന്നു; ഹദ്റത്ത് ഉമർ സിറയയിലേക്കു പുറപ്പെട്ട് സറഗ് എന്ന പ്രദേശത്തെത്തിയപ്പോൾ അദ്ദേഹം സൈന്യത്തലവനായിരുന്ന ഹദ്റത്ത് അബൂ ഉബൈദാ ബിൻ ജറാഹിനെയും കൂട്ടാളികളെയും കണ്ടുമുട്ടി. സിറിയാ ദേശത്ത് പ്ലേഗ് പൊട്ടിപ്പുറപ്പെട്ടിരിക്കുന്നുവെന്ന് ഹദ്റത്ത് ഉമർ(റ)നോട് ജനങ്ങൾ പറഞ്ഞു. ഹദ്റത്ത് ഉമർ(റ) എല്ലാവരോടും അഭിപ്രായ നിർദ്ദേശങ്ങൾ ആരാഞ്ഞതിനു ശേഷം ജനങ്ങളോട് മടങ്ങിപ്പോകാൻ വിളംബരം ചെയ്തു. അപ്പോൾ ഹദ്റത്ത് അബൂ ഉബൈദാ ബിൻ ജറാഹ് ചോദിച്ചു; അല്ലാഹുവിന്റെ വിധിയിൽ നിന്നും ഓടി രക്ഷപ്പെടാൻ സാധിക്കുമോ? അപ്പോൾ ഹദ്റത്ത് ഉമർ(റ) പറഞ്ഞു; അല്ലയോ അബൂ ഉബൈദാ ഈ ചോദ്യം താങ്കളല്ലാതെ വേറെ ആരെങ്കിലും ചോദിച്ചിരിന്നെങ്കിൽ എന്ന് ഞാൻ ആശിച്ചു പോകുന്നു. അതെ നാം അല്ലാഹുവിന്റെ ഒരു വിധിയിൽ നിന്നും രക്ഷപ്പെട്ട് അവന്റെതന്നെ മറ്റൊരു വിധിയിലേക്ക് പോകുന്നു. നിന്റെ പക്കൽ ഒട്ടകങ്ങളുണ്ടെന്ന് കരുതുക. അവയെയും കൊണ്ട് നീ ഒരുഭാഗം ഹരിതാഭവും മറുഭാഗം വരണ്ടതുമായ ഒരുപ്രദേശത്ത് കൊണ്ടുപോകുയാണെങ്കിൽ പച്ചളിപ്പുള്ള സ്ഥലത്തു നീ അവയെ മേയാൻ വിടുന്നത് ഒരു വിധിയും വരണ്ട പ്രദേശത്ത് മേയാൻ വിടുന്നത് അല്ലാഹുവിന്റെതന്നെ മറ്റൊരു വിധിയുമാകില്ലേ? നിവേദകൻ പറയുന്നു; അപ്പോഴേക്കും ഹദ്റത്ത് അബ്ദുറഹ്മാനുബ്നു ഔഫ് അവിടെയെത്തി. അദ്ദേഹം പറഞ്ഞു; ആ പ്രശ്നത്തിനുള്ള പരിഹാരം എനിക്കറിയാം. നബി(സ)തിരുമേനി ഇപ്രാകാരം പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട്; ഏതെങ്കിലും പ്രദേശത്ത് പകർച്ച വ്യാധി പൊട്ടി പുറപെട്ടിട്ടുണ്ടെന്ന് നിങ്ങൾ കേട്ടാൽ ആ പ്രദേശത്തേക്കു നിങ്ങൾ പോകരുത്. നിങ്ങൾ താമസിക്കുന്ന പ്രദേശത്താണ് പകർച്ചവ്യാധി പടർന്നിട്ടുള്ളതെങ്കിൽ അവിടെനിന്നും നിങ്ങൾ പുറത്തു പോകുകയും അരുത്. ആ വ്യാധി മറ്റുള്ളവർക്ക് പകരാതിരിക്കാനായി നിങ്ങൾ നിങ്ങളെ സ്വയം അവിടെതന്നെ അടച്ചിടുക.

ഇക്കാലത്ത് ലോക്ഡൗൺ നടപ്പിലാക്കിയിട്ടുള്ള രാജ്യങ്ങളിൽ, അത് കൃത്യസമയത്ത് നടപ്പിലാക്കിയ സ്ഥലങ്ങളിൽ ഒരു പരിധിവരെ നിയന്ത്രണ വിധേയമായിട്ടുണ്ട്. അശ്രദ്ധ കാരണം അതിനു സാധിക്കാത്ത സ്ഥലങ്ങളിൽ അത് വ്യാപിച്ചു കൊണ്ടേയിരിക്കുകയാണ്. ഏതായിരുന്നാലും ഈ അടിസ്ഥാനകാര്യം നബി(സ) തിരുമേനി ആരംഭത്തിൽത്തന്നെ സ്വഹാബികൾക്ക് പറഞ്ഞുകൊടുത്തിരുന്നു. അപ്പോൾ ഹദ്റത്ത് ഉമർ(റ) അല്ലാഹുവിനെ സ്തുതിച്ചശേഷം അവിടെനിന്നും മടങ്ങിപ്പോയി.

ബുഖാരിയിലെ ഒരു നിവേദനമാണ്; ഹദ്റത്ത് ഉമർ(റ) അല്ലാഹു അക്ബർ എന്ന് പറഞ്ഞ് നമസ്കാരം ആരംഭിച്ചയുടനെ ആക്രമത്തിനിരയായി മുറിവേറ്റ അവസ്ഥയിൽ ഹദ്റത്ത് അബ്ദുറഹ്മാനു ബ്നു ഔഫ്(റ)ന്റെ കൈ പിടിച്ച് ഇമാമത്ത് നിർവ്വഹിക്കുന്നതിനായി മുന്നോട്ടു നീക്കി. അപ്പോൾ ഹദ്റത്ത് അബ്ദുറഹ്മാനുബ്നു ഔഫ്(റ) നമസ്കാരം ഹ്രസ്വമായി നമസ്കരിപ്പിക്കുകയുണ്ടായി.

ഹദ്റത്ത് ഉസ്മാൻ(റ)ന്റെ ഖിലാഫത്ത് തെരെഞ്ഞെടുപ്പിൽ

ഹദ്റത്ത് അബ്ദുറഹ്മാനുബ്നു ഔഫ്(റ)ന്റെ പങ്കിനെക്കുറിച്ച് വിവരിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു; ഹദ്റത്ത് ഉമർ(റ) മുറിവേറ്റു കിടക്കുന്ന അവസരത്തിൽ തന്റെ അവസാന സമയമാണിതെന്ന് അദ്ദേഹത്തിന് തോന്നി. അദ്ദേഹം ഹദ്റത്ത് ഉസ്മാൻ, ഹദ്റത്ത് അലി, ഹദ്റത്ത് അബ്ദുറഹ് മാനുബ്നു ഔഫ്, ഹദ്റത്ത് സഅദുബ്നു വഖാസ്, ഹദ്റത്ത് സുബൈർ, ഹദ്റത്ത് ത്വൽഹ(റ) എന്നീ ആറു പേരെ സംബന്ധിച്ചു ഇവരിൽ നിന്നാരെയെങ്കിലും ഖലീഫയായി നിശ്ചയിക്കണമെന്നും മൂന്നു ദിവസത്തിനകം തീരുമാനിക്കണമെന്നും അന്തിമോപദേശം നൽകി. തുടർന്നു പറഞ്ഞു; ഭൂരിപക്ഷാഭിപ്രായ പ്രകാരം ആരെയാണോ തെരെഞ്ഞടുക്കുന്നത് അദ്ദേഹത്തിൽ എല്ലാവരും ബൈഅത്ത് ചെയ്യേണ്ടതാണ്, അതു നിഷേധിക്കുന്നവരെ വധിച്ചുകളയുക. മൂന്നുമൂന്നു പേരായി തുല്യഅഭിപ്രായത്തിലെത്തുകയാണെങ്കിൽ അബ്ദുറഹ്മാനുബ്നു ഔഫ് ആരുടെ പക്ഷത്താണോ അദ്ദേഹം ഖലീഫയാകട്ടെ. എല്ലാ കാര്യങ്ങളും ഹദ്റത്ത് അബ്ദുറഹ് മാനുബ്നു ഔഫിന്റെ ചുമതലയിലായപ്പോൾ അദ്ദേഹം മൂന്നു ദിവസത്തോളം വീടുവീടാന്തരം കയറി ഓരോ സ്ത്രീപുരുഷനോടും ഖലീഫയാക്കുന്നതിൽ നിങ്ങൾ ആരുടെ പക്ഷത്താണെന്ന് ചോദിച്ചു. എല്ലാവരും ഹദ്റത്ത് ഉസ്മാൻ(റ)നെ ഖലീഫയായി നിശ്ചയിക്കുന്നതിനോട് യോജിപ്പ് പ്രകടിപ്പിച്ചു. അങ്ങനെ ഹദ്റത്ത് ഉസ്മാൻ(റ) ഖലീഫയായി നിശ്ചയിക്കപ്പെട്ടു.

ഖുത്ബയുടെ അവസാനത്തിൽ ഹുസൂർ പറഞ്ഞു; ഹദ്റത്ത് അബ്ദുറഹ്മാനുബ്നു ഔഫ്(റ)ന്റെ ജീവചരിത്രത്തിലെ ചില സംഭവങ്ങളും അദ്ദേഹത്തിന്റെ നന്മകളും അല്പംകൂടി വിവരിക്കാൻ ബാക്കിയുണ്ട്. അത് പിന്നീട് വിവരിക്കുന്നതാണ് ഇൻശാ അല്ലാഹ്.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَنَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِىَ لَهٗ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ- عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِى الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-

Friday Sermon delivered by **Hadrat Khalifatul Masih Al-khamis** (atba)

at Mubarak Mosque, Islamabad, UK – on 19.06.2020

Malayalam Translation: **Moulavi K. Najmuddin Muriyakkanni** For Malayalam Desk, Qadian.

Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516